**ശ്രദ്ധക്ഷണിക്കൽ**

## 1. മൂല്യാധിഷ്ഠിത ജീവിതചര്യ രൂപപ്പെടുത്തുന്നതിനുള്ള സംയുക്ത കർമ്മ പദ്ധതികൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നമ്മുടെ കൗമാരക്കാരെ വഴിതെറ്റിക്കുന്ന ദുഃസ്വാധീനങ്ങൾക്കെതിരെ ജാഗ്രതയോടെയുള്ള ഒരു ഇടപെടൽ നടത്തണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്. 31.8 ശതമാനം യുവാക്കൾ സിഗററ്റും പാൻമസാലയും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുന്നവെന്നുള്ളതാണ് ഏറ്റവും പുതിയതായി വന്നിട്ടുള്ള കണക്കുകൾ. ഏത് അണുവായുധത്തെക്കാളും ജൈവായുധത്തെക്കാളും കരുത്തുള്ള ആയുധമെന്ന നിലയിൽ ലഹരി ഇന്ന് വ്യാപകമായി നമ്മുടെ പൊതുസമൂഹത്തിൽ യുവതലമുറ വളരെ സാധാരണമെന്നപോലെ അല്ലെങ്കിൽ ഒരു സ്റ്റാറ്റസ് സിമ്പൽ എന്ന നിലയിൽ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഷയത്തെ വളരെ ഗൗരവതരമായി കാണണം. ഈ വിഷയത്തിന്റെ ഗൗരവം എത്രത്തോളം വലുതാണെന്ന് അറിയണമെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ നിരവധി എം.എൽ.എ-മാർ ഈ വിഷയങ്ങളിൽ ഇടപെടുകയും സബ്മിഷനായും

ശ്രദ്ധക്ഷണിക്കലായും നിരവധി ചോദ്യങ്ങളായുമൊക്കെ സമാന വിഷയങ്ങൾ നിരവധി രൂപത്തിൽ സഭയിൽ വന്നിട്ടുണ്ടെന്നുള്ളതുതന്നെ ഈ വിഷയത്തിന്റെ ഗൗരവം പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതാണ്. ശ്രീ. മുല്ലക്കര രത്നാകരൻ ചോദിച്ചിട്ടുള്ള ഒരു ചോദ്യത്തിനുള്ള ഉത്തരത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഗവൺമെന്റ് കൊടുത്തിട്ടുള്ളത് 7099-ഓളം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതാണ്. ഇവിടെ ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനാഗ്രഹിക്കുന്നത്, പലപ്പോഴും കേസുകളെടുക്കുന്നുണ്ടെങ്കിലും പ്രതികൾ ശിക്ഷിക്കപ്പെടാത്ത സാഹചര്യമുണ്ട്. അത് പ്രധാനമായും ഈ ആക്ടിന്റെ പരിമിതി തന്നെയാണ്. ഒരു കിലോയിൽ താഴെയാണ് ലഹരിവസ്തു കൈവശം വയ്ക്കുന്നതെങ്കിൽ പ്രതികൾക്ക് ജാമ്യം ലഭിക്കുന്നതിനും ആക്ടിന്റെ ഭാഗമായി പറഞ്ഞിട്ടുള്ള ചെറിയ ശിക്ഷ വാങ്ങി അവർ പുറത്തിറങ്ങി സമാന രൂപത്തിൽ വീണ്ടും ഇതേ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാഹചര്യങ്ങളുണ്ട്. 2016-ലെ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം നമുക്ക് കേസുകളിലേക്ക് പോകാനായി കഴിയുന്നില്ല. എക്സൈസ് കമ്മീഷണർതന്നെ അതിന്റെ ഭാഗമായി അനുമതി ചോദിച്ചിട്ടുണ്ട്. 2016-ൽ നടപ്പിലാക്കിയ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ 77-ാം വകുപ്പ് പ്രകാരം

കേസെടുത്താൽ, ഏഴ് വർഷം തടവും ഒരു ലക്ഷംരൂപ വരെ പിഴയും ലഭിക്കുന്ന തരത്തിൽ നമുക്ക് ഒരു ആക്ട് ഉണ്ടെങ്കിൽപ്പോലും ആ ആക്ടിന്റെ ഒരു നിർവ്വഹണ ഘട്ടത്തിലേക്ക് നമുക്കെത്താൻ കഴിയാത്തതിന്റെ പരിമിതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ദേശീയ നയം നമ്മുടെ രാജ്യത്ത് വരേണ്ടതുണ്ട്. കാരണം ഇതൊരു സെൻട്രൽ ആക്ടാണ്. സംസ്ഥാന ഗവൺമെന്റെന്നുള്ള നിലയിൽ നമുക്ക് ഇടപെടുന്നതിന് പരിമിതികളുണ്ടെങ്കിൽപ്പോലും ഒരു ദേശീയ നയം ഈ വിഷയത്തിൽ നമുക്ക് കൊണ്ടുവരേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എക്സ്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടിയും മറ്റും വളരെ തീവ്രമായി നടത്തുന്നുണ്ടെങ്കിലും കൂടുതൽ കൗമാരക്കാർ ഇതിൽപ്പെടുന്നുവെന്ന് പറയുന്നതിന്റെ കണക്കുകൾ ഏറെ ഭയപ്പെടുത്തുന്നതാണ്. സംസ്ഥാനതലത്തിൽതന്നെ വിദ്യാർത്ഥികളുടെ ഇടയിൽ, സ്കൂളുകളിൽ ഏതാണ്ട് നാലായിരത്തിലധികം ക്ലബുകൾ ആരംഭിച്ചിട്ടുണ്ട്. ക്ലബുകളുടേയും മറ്റ് സംവിധാനങ്ങളുടേയും പൊതു സമൂഹത്തിന്റെയും എൻ.ജി.ഒ.-കളുടെയും സഹായത്തോടുകൂടി ലഹരി വിരുദ്ധ ക്യാമ്പയിനുകൾ നടക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് തന്നെ നിരന്തര ക്യാമ്പയിനുകൾ, വിവിധ സെലിബ്രിറ്റികളുടെ സഹായത്തോടെ ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്.

ഇതൊക്കെ വളരെ മാതൃകാപരമായി നടക്കുമ്പോഴും നിയമത്തിന്റെ ചില പരിമിതികൾ നമ്മുടെ മുന്നിലുണ്ട്. എസ്.പി.സി., സ്കൗട്ട്സ്, ഗൈഡ്സ്, എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയവയെല്ലാം ഇതിന്റെ തീവ്രയത്ന പരിപാടികളിലാണെങ്കിലും പലപ്പോഴുമിത് അതത് ഡിപ്പാർട്ടുമെന്റുകളുടെ പരിപാടികളായിപ്പോകുന്നു. വിദ്യാഭ്യാസ വകുപ്പ്, കായിക വകുപ്പ്, സാംസ്കാരിക വകുപ്പ് എന്നിവർ ഇതുമായി ബന്ധപ്പെട്ട് നിരവധി ഇടപെടലുകൾ നടത്തുന്നുണ്ട്. എൻ.ജി.ഒ.-കൾ അവരുടെ തനതായിട്ടുള്ള പരിപാടികൾ ആരംഭിക്കുന്നുണ്ട്. എന്നാൽപ്പോലും ഇതിനൊരു കോ-ഓർഡിനേഷൻ കൊണ്ടുവരേണ്ടതുണ്ട്. എക്സൈസ്, പോലീസ്, വനം തുടങ്ങിയ വകുപ്പുകൾ അവരുടെ തനതായിട്ടുള്ള സർവ്വെയും മറ്റ് കാര്യങ്ങളും അവരുടെ തനതായിട്ടുള്ള ഓപ്പറേഷൻസും നടക്കുന്നുണ്ട്. ഇതിനൊരു ജോയിന്റ് ഓപ്പറേഷനെന്നുള്ള നിലയിൽ നടത്താനായി കഴിയുമോ എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ശക്തമായി ആലോചിക്കണം. ഡീ-അഡിക്ഷൻ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ചും അതിനുള്ള തുക വർദ്ധിപ്പിച്ചു നൽകുന്നതിനെക്കുറിച്ചും ചിന്തിക്കണം. പലപ്പോഴും വളരെ പരിമിതമായിട്ടുള്ള തുകയാണ് ഇത്തരം കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ സാധിക്കുന്നത്. ഈ കാര്യങ്ങൾ വളരെ

ഗൗരവതരമായി പ്രത്യേകിച്ച് ഡിപ്പാർട്ടുമെന്റുകളുടെ ഒരു കോ-ഓർഡിനേഷൻ ഇക്കാര്യങ്ങളിൽ വളരെ ശക്തമാണ്. ലഹരി എന്ന് പറയുന്നത് മറ്റ് കായിക വിനോദമടക്കമുള്ള കാര്യങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിഞ്ഞാൽ നമുക്കൊരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കും. പൊതു സമൂഹത്തിന്റെ ഒരിടപെടൽ ഇക്കാര്യങ്ങളിൽ ശക്തമാക്കുന്നതിന് ഗവൺമെന്റ് ഇടപെടണം എന്നുള്ളതാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ തരത്തിലുള്ള ദുഷ്പ്രവണതകളിൽ അകപ്പെടുന്നതും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം കാരണവും കൗമാരക്കാർക്കിടയിൽ ആത്മഹത്യ പോലുള്ള പ്രവണതകൾ വർദ്ധിച്ചുവരുന്ന സ്ഥിതിയുണ്ട്. അതോടൊപ്പം, മറ്റു തരത്തിലുള്ള സ്വാധീനങ്ങളിൽപ്പെട്ട് അക്രമപ്രവർത്തനങ്ങളിൽ അറിയാതെ എത്തിപ്പെടുന്നവരും കുറവല്ല. ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണുകളുടെയും ദുരുപയോഗവും അണുകുടുംബങ്ങളിലെ ഒറ്റപ്പെടലുകളും ഇത്തരം പ്രവണതകൾക്ക് കാരണമാണ്. ഈ സാഹചര്യങ്ങളെ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. നാം കൈവരിച്ച സാംസ്കാരിക മുന്നേറ്റത്തിന്റെയും പുരോഗതിയുടെയും

നന്മകളെ തകർക്കുന്ന സാമൂഹ്യ വിപത്താണ് കുട്ടികൾക്കിടയിൽ കണ്ടുവരുന്ന ലഹരി ഉപയോഗം. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇത് തടയാൻ കഴിയൂ. വിദ്യാലയങ്ങളിൽ അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപക - രക്ഷാകർതൃ സമിതിക്കും ഇതിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. അതോടൊപ്പം, ലഹരി മരുന്നിന്റെ ദൂഷ്യവശങ്ങൾ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തി കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാനും കഴിയണം. ഇത് ലക്ഷ്യമിട്ടാണ് 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ബോധവൽക്കരണത്തോടൊപ്പം, നിയമങ്ങളുടെ കർശന നിർവ്വഹണവും വിമുക്തിയുടെ ഭാഗമാണ്. കാമ്പസുകളിലെ കർശന നിരീക്ഷണത്തോടൊപ്പം കൗമാരക്കാർ ദുഃസ്വാധീനങ്ങളിൽപ്പെടാതിരിക്കാൻ എല്ലാ മുൻകരുതൽ നടപടികളും പോലീസ് സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലഹരി വിമുക്ത കേരളം എന്നതാണ് വിമുക്തി ലക്ഷ്യമിടുന്നത്. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ICPS), ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC), 'കാവൽ', സൈക്കോ സോഷ്യൽ കൗൺസിലിംഗ് പ്രോഗ്രാം, 'കരുതൽ സ്പർശം', ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്നിവ ലഹരിവിമുക്തി ലക്ഷ്യമാക്കിയുള്ള

പദ്ധതികളിൽപ്പെടും. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ വഴിയാണ് ഇത് പ്രധാനമായും നടത്തിവരുന്നത്.

കൗമാരക്കാരെ വഴിതെറ്റിക്കുന്ന ഇന്റർനെറ്റ് സൈറ്റുകൾ പോലീസിന്റെ ഹൈടെക് എൻക്വയറി സെല്ലും സൈബർ ഡോമും നിരീക്ഷിക്കുകയും ഓൺലൈൻ കുറ്റകൃത്യങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ലഹരി വിരുദ്ധ കാവൽക്കൂട്ടം എന്ന പദ്ധതിയും സൈബർ ലോകത്തിന്റെ ചതിക്കുഴികളിൽ വീഴാതിരിക്കാനായി സൈബർ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പോലീസ് ആസൂത്രണം ചെയ്തിട്ടുള്ള 'കാവൽ' എന്ന പദ്ധതി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കിവരുന്നു. ഇതിലൂടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾ വീണ്ടും അത്തരം പ്രവണതയിലേക്ക് പോകുന്നതിന്റെ എണ്ണം 25 ശതമാനത്തിൽനിന്നും 4 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

കൗമാരക്കാരെ ബോധവൽക്കരിക്കുന്നതോടൊപ്പം സമൂഹത്തിന്റെയും പൊതുവിൽ രക്ഷാകർത്താക്കളുടെയും കൗമാരക്കാരോടുള്ള കരുതൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇത് കണക്കിലെടുത്ത് ഉത്തരവാദിത്വ രക്ഷാകർതൃത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ പഞ്ചായത്തുകളിലും അംഗനവാടികൾ കേന്ദ്രീകരിച്ച് മാതാപിതാക്കളെയും പൊതുസമൂഹത്തെയും ബോധവൽക്കരിക്കുന്നതിനായി 'കരുതൽ സ്പർശം' എന്ന പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്.

ലഹരിയുടെ വലക്കണ്ണികൾ അനുദിനം വ്യാപിച്ചുവരുന്നത് തിരിച്ചറിഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ ജാഗ്രത പാലിക്കാൻ നമുക്ക് കഴിയണം. എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ ഈ വിപത്തിനെ നേരിടാൻ ഒന്നായി പ്രവർത്തിക്കാം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, കൂട്ടായൊരു പ്രയത്നമാണ് ഇതിന് വേണ്ടതെന്ന് അങ്ങ് മറുപടിയുടെ ഭാഗമായി പറഞ്ഞു. നിലവിൽ കുറ്റകൃത്യം ചെയ്യുന്ന ആളുകൾതന്നെ വീണ്ടും അതേ കുറ്റകൃത്യത്തിൽ ഏർപ്പെടുകയും വീണ്ടും അവർ ജാമ്യമെടുത്ത് ഇതേ കുറ്റകൃത്യങ്ങളിൽതന്നെ പങ്കാളികളാകുകയും

ചെയ്യുന്നൊരു സാഹചര്യം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. ഇങ്ങനെ ആവർത്തിച്ച് കുറ്റകൃത്യം ചെയ്യുന്ന ആളുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നടപടികളുടെ ഭാഗമായി അതിൽ സാരമായ കുറവ് വന്നിട്ടുണ്ട്. നേരത്തെ അങ്ങനെയുള്ള കേസുകൾ 25 ശതമാനത്തോളമുണ്ടായിരുന്നു, അത് നാല് ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കുറയ്ക്കാനുള്ള നടപടികളിലേക്കാണ് നമ്മൾ നീങ്ങുന്നത്.

(2) ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, പരിമിതികളോട് പോരാടുന്ന ഭിന്നശേഷിക്കാരുടെ സാമൂഹിക പങ്കാളിത്തവും നേതൃപാടവവും പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഇക്കഴിഞ്ഞ ലോക ഭിന്നശേഷി ദിനത്തിലെ മുദ്രാവാക്യം. എല്ലാ വർഷവും ഡിസംബർ 3-ാം തീയതി അന്താരാഷ്ട്ര ഭിന്നശേഷി ദിനമായി കൊണ്ടാടുന്നു. എന്നാൽ ഇക്കഴിഞ്ഞ ഭിന്നശേഷി ദിനം നമ്മുടെ നാട്ടിലെ ഭിന്നശേഷിക്കാർ സെക്രട്ടേറിയറ്റിന്

മുന്നിലും ജില്ലാ ആസ്ഥാനങ്ങളിലും അവരുടെ നീറുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് ധർണ്ണയും സമരവും നടത്തി പ്രതിഷേധ ദിനമായാണ് ആചരിച്ചത്. പരിമിതികളെ അതിജീവിച്ച് മുന്നോട്ട് വരുമ്പോഴും ഒപ്പം നിർത്താൻ ആരുമില്ലാത്ത അവസ്ഥ പലപ്പോഴും ഭിന്നശേഷിക്കാർ നേരിടുന്നുണ്ട്. സമൂഹത്തിന്റെ സഹതാപത്തെക്കാൾ അഭിമാനകരമായ നിലനിൽപ്പാണ് ഓരോ ഭിന്നശേഷിക്കാരനും ആഗ്രഹിക്കുന്നത്. സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ആരെയും പിന്നിൽ ഉപേക്ഷിക്കാതെ ഭിന്നശേഷിക്കാരെയും ഒപ്പം ചേർത്തുപിടിക്കാൻ നമുക്ക് സാധിക്കണം. ഭിന്നശേഷിക്കാരുടെ ഉന്നമനവും സാമൂഹിക മുന്നേറ്റവും ലക്ഷ്യംവച്ച് നമ്മുടെ രാജ്യത്ത് പല നിയമങ്ങളും നടപടികളും ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തും മാറിമാറി വന്ന സർക്കാരുകൾ പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ, സാധാരണ വ്യക്തികളിൽനിന്നും വിഭിന്നമായി ഭിന്നശേഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എണ്ണമറ്റതാണ്. ഭാരതത്തിലെ ഭിന്നശേഷി വിഭാഗക്കാരുടെ സമഗ്രമായ ശാക്തീകരണം, പുനരധിവാസം, അവകാശ സംരക്ഷണം എന്നിവ ലക്ഷ്യമാക്കി കേന്ദ്രസർക്കാർ 2016-ൽ പാസ്സാക്കിയ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016 ഏപ്രിൽ 19-ന് രാജ്യത്ത് നിലവിൽ

വന്നിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതിനുശേഷം ആറുമാസത്തിനകം എല്ലാ സംസ്ഥാനങ്ങളിലും നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ബീഹാർ, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, മണിപ്പൂർ, മേഘാലയ, ഒഡീഷ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾ ചട്ടങ്ങൾ രൂപീകരിച്ചുവെന്നാണ് അറിയാൻ കഴിയുന്നത്. നിർഭാഗ്യവശാൽ കേരളത്തിൽ ഇതുവരെ ഈ നിയമത്തിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തും ചട്ടങ്ങൾ എത്രയുംപെട്ടെന്ന് രൂപീകരിച്ച് ഭിന്നശേഷിക്കാർക്ക് ഗുണകരമായ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നടപടിയുണ്ടാകണം. ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഓരോ വകുപ്പിനും എപ്രകാരം നടപ്പിലാക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഒരു പഠനം നടത്തി സാമൂഹ്യനീതി വകുപ്പിന് നൽകാൻ നിർദ്ദേശിക്കണം. സാമൂഹ്യനീതി വകുപ്പ് ഇക്കാര്യത്തിൽ ആവശ്യമായ ഏകോപനം നടത്തണം.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പ് പദ്ധതി വളരെയേറെ ആശ്വാസകരമായ നടപടിയാണ്. നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിൽ

വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഒന്നിലധികം വൈകല്യങ്ങൾ അനുഭവിക്കുന്ന ബഹുമുഖ വൈകല്യങ്ങൾ ഉള്ളവർ എന്നീ നാല് വിഭാഗം ഭിന്നശേഷി കുട്ടികൾക്ക് 28,500/- രൂപ വീതവും മറ്റുള്ള ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് 18,500/- രൂപ വീതവും പ്രതിവർഷം നൽകുന്ന ഈ പദ്ധതി സംസ്ഥാനത്തെ ആയിരക്കണക്കിന് കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഏറെ ആശ്വാസകരമാണ്. എന്നാൽ ഈ മാതൃകാപരമായ പദ്ധതി വേണ്ടരീതിയിൽ നടപ്പിലാക്കുന്ന കാര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്ന് നിരന്തരം പരാതികൾ ഉയർന്നുവരുന്നുണ്ട്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്ന അർഹരായ എല്ലാ ഭിന്നശേഷി കുട്ടികൾക്കും പൂർണ്ണമായ സ്കോളർഷിപ്പ് നൽകാനുള്ള തുക ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതിയിൽ വകയിരുത്തുന്നില്ല എന്നതാണ് സത്യം. ഒരു നിശ്ചിത തുക വകയിരുത്തുകയും അത് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് തുല്യമായി വീതംവച്ച് നൽകുകയും ചെയ്യുകയെന്നതാണ് ഇപ്പോൾ മിക്ക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ചെയ്യുന്നത്. ഇക്കാര്യത്തിൽ സർക്കാർ

കർശനമായ നടപടികൾ സ്വീകരിക്കണം.

'കൈവല്യ പദ്ധതി'- ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നല്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന കൈവല്യ എന്ന പദ്ധതിയും ഇപ്പോൾ മതിയായ ഫണ്ട് ലഭിക്കാത്തതിനാൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. എല്ലാ ജില്ലകളിലും നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്ന ദുരവസ്ഥയാണുള്ളത്. മലപ്പുറം ജില്ലയിൽ 2017-ലെ അപേക്ഷകളാണ് ഇപ്പോൾ പരിഗണിക്കുന്നത്. അതുകൊണ്ട് ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കി ഈ പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ഇടപെടൽ അത്യാവശ്യമാണ്.

'ആശ്വാസകിരൺ പദ്ധതി' - കിടപ്പിലായ ഭിന്നശേഷിക്കാരുടെ കെയർ ഗിവേഴ്സിന് പ്രതിമാസം 600/- രൂപവീതം നൽകുന്ന സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഇത് പുനരാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

കുഞ്ഞുങ്ങളിലെ വൈകല്യങ്ങളും വളർച്ചാ പ്രശ്നങ്ങളും എത്രയും നേരത്തെ

കണ്ടുപിടിക്കുന്നത് വൈകല്യത്തെ ഒരളവുവരെ പ്രായോഗികമായ രീതിയിൽ പ്രതിരോധിക്കുന്നതിന് സഹായിക്കും. ഇതിനായി ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇത്തരം സെന്ററുകളിൽ സ്ഥിരം ജീവനക്കാരില്ല. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലുംകൂടി ഇത്തരം സെന്ററുകൾ ആരംഭിക്കുകയും ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ചെയ്താൽ മാത്രമേ ഈ സംവിധാനങ്ങൾ ഫലപ്രദമാവുകയുള്ളൂ. ഭിന്നശേഷിക്കാരായ കുട്ടികൾ പ്രത്യേകിച്ച് അന്ധരേയും ബധിര-മൂകരേയും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരേയും ബഹുമുഖ വൈകല്യങ്ങളുള്ളവരേയും പഠിപ്പിക്കുന്നതിന് ആംഗ്യ ഭാഷാ പരിശീലനം ഉൾപ്പെടെ പ്രത്യേക പരിശീലനമുള്ള അദ്ധ്യാപകരെ ആവശ്യമാണ്. ഇത്തരത്തിലുള്ള പ്രത്യേക ടീച്ചർ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കണം. സംയോജിത വിദ്യാഭ്യാസ രംഗത്തും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന ശ്രവണ-സംസാര വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പദ്ധതികൾ നടപ്പാക്കണം. യു.ജി.സി. നിയോഗിച്ച ഡോ.

നീലം നാഥ് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കണം. ആംഗ്യ ഭാഷാ വിവർത്തന സംവിധാനം വ്യാപകമാക്കണം. ആംഗ്യഭാഷ പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ സാധിക്കുമോയെന്ന് സർക്കാർ പരിശോധിക്കണം. സർക്കാർ സർവ്വീസ് നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത് സാമൂഹിക സുരക്ഷയുടെ ഭാഗമായിട്ടാണ്. മറിച്ച് ഭിന്നശേഷിക്കാരുടെ വൈദഗ്ദ്ധ്യം മാറ്റുരയ്ക്കുന്നതിനല്ല. സാമൂഹിക സുരക്ഷയ്ക്ക് മുൻതൂക്കം നൽകുന്ന രീതിയിലായിരിക്കണം നിയമന രീതി. നിലവിലെ നിയമന രീതി മത്സരാധിഷ്ഠിതമായതിനാൽ വൈകല്യം കുറഞ്ഞ വ്യക്തികൾ സംവരണ ആനുകൂല്യങ്ങൾവഴി കടന്നുവരുമ്പോൾ ഏറെ വൈകല്യങ്ങളുള്ളവർ പുറന്തള്ളപ്പെടുന്നൊരു സാഹചര്യത്തിന് പരിഹാരമുണ്ടാകേണ്ടതുണ്ട്. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം ദീർഘകാലമായി നിലവിലുണ്ട്. ഇക്കാര്യത്തിൽ വിവിധ കാലയളവുകളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും അനുകൂല വിധികളും വന്നിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കലിന്റെ അഞ്ച് ശതമാനം

ഭിന്നശേഷിക്കാർക്കായി നീക്കിവയ്ക്കാൻ ഉത്തരവുണ്ട്. ഇത് യഥാവിധി പാലിക്കപ്പെടുന്നുണ്ടോയെന്ന് സാമൂഹ്യനീതി വകുപ്പ് ഉറപ്പുവരുത്തുകയും മോണിറ്റർ ചെയ്യുകയും വേണം. ഇങ്ങനെ പദ്ധതി വിഹിതം കൃത്യമായി നീക്കിവയ്ക്കാത്ത പഞ്ചായത്തിന്റെ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നൽകരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. അബ്ദുൽ ഹമീദ് പി.: 2016-ലെ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് അനുസരിച്ച് ചട്ടങ്ങളുണ്ടാക്കാൻ അടിയന്തര നടപടികൾ ഉണ്ടാകണമെന്നും പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായി നടപ്പാക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നും വിദ്യാഭ്യാസം, ജോലി, ആശയവിനിമയം തുടങ്ങിയ വിവിധ മേഖലകളിൽ ഭിന്നശേഷിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്ന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടണമെന്നും ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്തെല്ലാം കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ കേരളത്തെ ഭിന്നശേഷീ സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യമെന്ന് സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ പ്രഖ്യാപിച്ചിരുന്നു. ബഹുമാനപ്പെട്ട അബ്ദുൽ ഹമീദ് എം.എൽ.എ. പറഞ്ഞിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ അതുകൊണ്ടുതന്നെ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്തിട്ടുണ്ടെന്ന കാര്യം പറയാനാണ് ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നത്. ഭിന്നശേഷിക്കാർക്കുവേണ്ടി അനുയാത്ര എന്ന പേരിൽ സമഗ്രമായ ഒരു അംബ്രലാ സ്കീംതന്നെ ആവിഷ്കരിക്കുകയും അതിന്റെ ഭാഗമായി 22-ഓളം ഉപപദ്ധതികളായി ഓരോ പ്രശ്നങ്ങളും നടപ്പിലാക്കി വരികയുമാണ്. അനുയാത്രയുടെ ഘടക പദ്ധതികളിലൂടെ മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇനിയും കുറേയേറെ പ്രശ്നങ്ങളുണ്ട്. അതിന് പരിഹാരം കാണുകയും ചെയ്യാം. ഈ മേഖലയിലെ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് 2017-18, 2018-19, 2019-2020 എന്നീ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ടാണ് 2019-2020-ൽ

ഭിന്നശേഷിക്കാർക്കുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളിൽ എറ്റവും മികച്ച പ്രവർത്തനം നടത്തുന്ന സംസ്ഥാനമെന്ന നിലയിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയതും ഉപരാഷ്ട്രപതിയിൽനിന്നും അവാർഡ് ഏറ്റുവാങ്ങുകയും ചെയ്തത്. അതുപോലെ ഏറ്റവും നല്ല ചാനലൈസിംഗ് ഏജൻസിയായി വികലാംഗക്ഷേമ കോർപ്പറേഷനെ 2017-18 -ൽ തെരഞ്ഞെടുക്കുകയുണ്ടായി. അതിന് കാരണം ഏറ്റവും നല്ല രീതിയിൽ എല്ലാ തരത്തിലുള്ള പരിശോധനകളും നടത്തി ഭിന്നശേഷിക്കാർക്ക് ഏറ്റവും കൂടുതൽ അസിസ്റ്റീവ് ഡിവൈസസ് വിതരണം ചെയ്യുകയും സഹായകമായിട്ടുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കുകയും അങ്ങനെയുള്ള ഒട്ടേറെ ക്ഷേമപദ്ധതികൾ വികലാംഗ ക്ഷേമ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിയതുകൊണ്ടാണ്. ഇപ്പോൾ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായിട്ടുള്ള കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രാരംഭ ഇടപെടൽ മുതൽ പുനരധിവാസം വരെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ഈ സംസ്ഥാനത്ത് നടന്നുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ ചൂണ്ടിക്കാണിച്ചതുപോലെ 2016-ലെ Rights of Persons With Disabilities Act പ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലെപ്പോലെ തിരക്കുകൂട്ടി നമുക്കത് പാസ്സാക്കാൻ കഴിഞ്ഞില്ല.

വളരെ ജനാധിപത്യപരമായ രീതിയിൽ ഒരുപാട് ചർച്ചകൾ നടത്തുകയും പൊതുജനങ്ങളുടെ അഭിപ്രായത്തിനടക്കം ഈ ചട്ടങ്ങൾ പോകുകയും ആ നിർദ്ദേശങ്ങളെല്ലാം ക്രോഡീകരിച്ച് ഉന്നത ഉദ്യോഗസ്ഥതലത്തിൽ നിരവധിതവണ ചർച്ചചെയ്യുകയും ചെയ്തുകൊണ്ട് ചട്ടങ്ങൾ ഇപ്പോൾ പരിശോധനയ്ക്കായി നിയമ വകുപ്പിന്റെ മുന്നിലുണ്ട്. വളരെപ്പെട്ടെന്ന് തന്നെ നമുക്ക് ആ ചട്ടങ്ങൾ പ്രഖ്യാപിക്കാൻ കഴിയും. എല്ലാം തയ്യാറായിട്ടുണ്ട്.

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുംവേണ്ടി ദേശീയ ആരോഗ്യ മിഷന്റെ നേതൃത്വത്തിലും അതുപോലെതന്നെ KSSM (കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ)ന്റെ നേതൃത്വത്തിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ വളരെ ശക്തമായി നടപ്പിലാക്കുകയാണ്. ഓരോ ജില്ലയിലും District Early Intervention Centre-കൾ സ്ഥാപിക്കാൻ മൂന്നുകോടി രൂപ വീതമാണ് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് ഈ ഗവൺമെന്റ് വന്നപ്പോൾ നീക്കിവച്ചിട്ടുള്ളത്. ചില ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ചില ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലകളിലും അത്യന്താധുനികമായിട്ടുള്ള District Early Intervention Centre-

കളാണ് സ്ഥാപിക്കുന്നത്. അതിനുമുമ്പ് ആരോഗ്യ വകുപ്പിന്റെ കീഴിൽ ജില്ലാ ആശുപത്രികളിൽ District Early Intervention Centre-കൾ ഉണ്ട്. ഇതുകൂടാതെതന്നെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ Regional Early Intervention Centre-കളും ആരംഭിച്ചിട്ടുണ്ട്. അത് അത്യന്താധുനികമാണ്. കോഴിക്കോടുള്ള റീജിയണൽ ഇന്റർവെൻഷൻസ് സെന്ററുകൾ വളരെ ലോകോത്തരമായിട്ടുള്ള ഒന്നായി മാറിയിരിക്കുന്നു. ആയിരക്കണക്കിന് ആളുകൾക്കാണ് അതുകൊണ്ടുള്ള പ്രയോജനം ഇപ്പോൾ കിട്ടുന്നത്. ഇതുകൂടാതെ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിൽ 25 മൊബൈൽ ഇന്റർവെൻഷൻസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരികയാണ്. ഇതെല്ലാം ബന്ധപ്പെട്ട ആളുകൾ അറിയുന്നുണ്ട്. പക്ഷേ ജനപ്രതിനിധികൾപോലും പൂർണ്ണമായി ഇത് മനസ്സിലാക്കിയിട്ടുണ്ടോ എന്നറിയില്ല. ആറ് വികസന ബ്ലോക്കുകളിൽ നമുക്കിപ്പോൾ ആധുനികമായിട്ടുള്ള ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് ഉണ്ട്. അതിൽ ഫിസിയോ തെറാപ്പിസ്റ്റ് ഉണ്ട്, Occupational Therapist ഉണ്ട്, മറ്റ് ഡോക്ടർമാരും സൗകര്യങ്ങളുമൊക്കെയായി പോവുകയാണ്. അതുകൊണ്ട് ഭിന്നശേഷിക്കാരുടെ അടുത്തേക്ക് പോയി അവരെ പരിശോധിക്കുകയും

അവർക്ക് ഫിസിയോ തെറാപ്പിയുടെയൊക്കെ നിർദ്ദേശം കൊടുക്കുകയും ചെയ്യുക, നൂറുകണക്കിന് ആളുകൾ ഇപ്പോൾ അതിന്റെയൊക്കെ സേവനം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ചെറിയൊരു പ്രശ്നം ബാക്കിയാണെങ്കിലും സമരം നടത്തും. സമരം നടത്തുന്നതുകൊണ്ട് ഇത്തരം കാര്യങ്ങളൊന്നും ചെയ്യുന്നില്ല എന്നല്ല. വലിയ മാറ്റമാണ് ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ നടക്കുന്നത്. ഇതിന്റെ കൂടെത്തന്നെ നമ്മുടെ പ്രധാനപ്പെട്ട സ്ഥാപനമാണ് തൃശ്ശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR). അവിടം ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം സന്ദർശിക്കണം. ചില പ്രതിപക്ഷാംഗങ്ങൾ NIPMR സന്ദർശിച്ചിരുന്നു. ശ്രീ. പി. കെ. ബഷീർ എം.എൽ.എ. അടുത്ത ദിവസം സന്ദർശിച്ചിട്ട് എന്നോട് പറഞ്ഞിരുന്നു. അവിടെ ലോകോത്തര സ്ഥാപനമാക്കി മാറ്റാണമെന്ന്. ഈ വിഷയത്തിൽ ഇത്രയും താല്പര്യം പ്രകടിപ്പിക്കുന്ന ഒരാൾ എന്ന നിലയിൽ ശ്രീ ഹമീദ് മാഷും ആ സ്ഥാപനം ഒന്ന് സന്ദർശിക്കുന്നത് നന്നായിരിക്കും. അത്ര വലിയ മാറ്റങ്ങൾ, അത്രയുള്ള സൗകര്യങ്ങളാണുള്ളത്. അഞ്ചാറ് മാസങ്ങൾ കൊണ്ട് അതിന്റെ പണി പൂർത്തിയാകും. വലിയ തോതിലുള്ള മാറ്റമാണ്. അതുപോലെ

കോഴിക്കോട്ടുള്ള IMHANS-ലും പുതിയ കോഴ്സുകൾ ആരംഭിച്ചു. പുതിയ കാര്യങ്ങൾ ഭിന്നശേഷിക്കാർക്കുവേണ്ടി ആരംഭിച്ചു. ഇവിടെ എം.എൽ.എ. പറഞ്ഞിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം, NISH-ൽ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്) sign language ന്റെ കോഴ്സ് ആരംഭിച്ചു. NISH -ന്റെ ഭാഗമായി ആ പദ്ധതി നടപ്പിലാക്കുകയാണ്. NISH-നെ ഒരു apex centre of excellence ആക്കി മാറ്റുന്നതിനുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിക്കുന്നത്. അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. Rights of Persons With Disabilities Act-ന്റെ സെക്ഷൻ 17-ൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് inclusive education നടപ്പിലാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് അനുയോജ്യമായ തരത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സാന്നിധ്യവും ആംഗ്യഭാഷയിലുള്ള പഠനരീതികൾ ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് NISH മുഖേന പരിശീലനം നൽകുന്നതിനുള്ള നടപടിയും ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാർ സ്കൂളുകളിലെ റിസോഴ്സ് അദ്ധ്യാപകർക്ക് ആംഗ്യഭാഷ പരിശീലനം നൽകുന്നത് ഈ സ്കൂളിൽ പഠിക്കുന്ന കേൾവി വൈകല്യമുള്ള കുട്ടികളുമായി ആശയവിനിമയം ചെയ്യുന്നതിന് ഏറെ

പ്രയോജനപ്രദമായിരിക്കുമെന്ന് കരുതിയാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിന്റെ ഭാഗമായി SSK (സമഗ്ര ശിക്ഷാ കേരള), SCERT, NISH എന്നിവയുമായി ചേർന്ന് ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ആർ.പി.ഡബ്ല്യൂ.ഡി നിയമത്തിലെ സെക്ഷൻ 16, 17 എന്നിവയിൽ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആക്ടിലെ വ്യവസ്ഥകൾ കെ.ഇ.ആർ.-ൽ ഉൾപ്പെടുത്താവുന്നതാണെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് സ്കൂളിൽ പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുണ്ട്. 1996 മുതൽ 2017 വരെയുള്ള കാലയളവിൽ 3% സംവരണം നടപ്പാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ഈ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ ബാക്ക്‌ലോഗ് പരിഹരിക്കുന്നതിനുവേണ്ടി വളരെ ഊർജ്ജസ്വലമായ ഇടപെടലാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായത്. ആ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് ഇടപെടൽ നടത്തുകയും ബാക്ക്‌ലോഗ് പരിഹരിക്കാൻ കഴിയുകയും ചെയ്തു. വലിയ പ്രവർത്തനമാണ് ആ മേഖലയിൽ നടത്തിയത്. അതുപോലെതന്നെ

Disabilities Act പ്രകാരവും അതിന്റെ 2016-ലെ ആക്ട് പ്രകാരവും അംഗ പരിമിത സംവരണം അനുവദിക്കുന്നതിനുമുമ്പാണ് ഭിന്നശേഷിക്കാർക്ക് ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നത്. അംഗം എഴുതിത്തന്ന ചോദ്യത്തിൽ ഗ്രേസ് മാർക്കിന്റെ കാര്യവും ഉണ്ടായിരുന്നു. ഗ്രേസ് മാർക്ക് സംവിധാനം പുതിയ ആക്ട് വന്നതോടുകൂടി നിർത്തലാക്കിയ സാഹചര്യത്തിൽ ഇത് പുനഃപരിശോധിക്കാനുള്ള ഹർജികൾ ലഭ്യമായതിനെത്തുടർന്ന് ഇക്കാര്യം പരിശോധിച്ചുവരുന്നുണ്ട്. സെൻട്രൽ ആക്ടിന്റെ ഭാഗമായി നിർത്തലാക്കിയതാണ്. നമ്മൾ അത് പുനഃപരിശോധിക്കാൻ തയ്യാറായിട്ടുണ്ട്. ഇവർക്കായി പ്രത്യേക സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനവും നടന്നുവരികയാണ്. അതുപോലെതന്നെ 2016-ലെ ആക്ട് പ്രകാരം അംഗപരിമിതർക്ക് സംവരണം  അനുവദിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. 1) Blindness and Low Vision 2) Deaf and hard of hearing, അതായത് കേൾക്കാൻ ബുദ്ധിമുട്ടുള്ളവർ. Locomotor Disability ൽ സെറിബ്രൽ പാൾസി, ലെപ്രസിക് ക്യൂറേഡ്സ്, Dwarfism, Acid attack victims and Muscular Dystrophy ഇത്രയും വിഭാഗത്തിനാണ് നമുക്ക് സംവരണം അനുവദിക്കാൻ നിർദ്ദേശമുള്ളത്. അതുപോലെ mental intellectual disability-യൊക്കെ

വരുന്നതിൽ autism, intellectual disability, specific learning disability and mental illness എന്നിവ ഉൾപ്പെടും. ഇതിൽ പറഞ്ഞിട്ടുള്ളവർക്കേ നിയമപരമായി അനുവദിക്കാൻ കഴിയൂ. സംസാര വൈകല്യം മാത്രമുള്ളവർ ഇതിൽ പരിഗണിക്കപ്പെടുന്നില്ല എന്നുള്ളതിനാൽ നമുക്കത് പ്രത്യേകിച്ച് അനുവദിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിനനുയോജ്യമായി പൊതുജന സേവനം നൽകുന്നതിനും കെട്ടിടങ്ങൾ, അതുപോലെ തന്നെ മറ്റ് സ്ഥലങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമായി മാറ്റാൻ തീരുമാനിച്ചുകഴിഞ്ഞു. കണ്ണൂർ ജില്ല പൂർണ്ണമായും ബാരിയർ ഫ്രീയായി മാറ്റിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയെല്ലാ ജില്ലകളിലും റാമ്പുകൾ, കൈവരികൾ, ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗചാലയം എന്നിവ ഇവർക്ക് വേറെതന്നെ നിർമ്മിച്ചുകൊണ്ട് എല്ലാ ജില്ലകളിലെയും ഗവൺമെന്റ് സ്ഥാപനങ്ങളും ഇതുപോലെയാക്കി മാറ്റാൻ നടപടിക്രമങ്ങൾ തുടങ്ങി. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ എല്ലാ ജില്ലകളെയും ബാരിയർ ഫ്രീയാക്കി മാറ്റാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ പ്രത്യേക ഉത്തരവ് പ്രകാരം സ്റ്റേറ്റ് അഡ്വൈസറി ബോർഡിൽ അംഗപരിമിത

മേഖലയിൽ അല്ലെങ്കിൽ പുനരധിവാസ മേഖലയിൽ വൈദഗ്ധ്യമുള്ള അഞ്ച് അംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അഡ്വൈസറി ബോർഡിൽ അഞ്ച് അംഗപരിമിത അംഗങ്ങളേ ഉള്ളൂവെന്നതിനാൽ ഓരോ അംഗപരിമിത വിഭാഗത്തേയും പ്രത്യേകം പ്രത്യേകം ഉൾപ്പെടുത്താൻ പറ്റില്ല. അതിൽ നിയമമനുസരിച്ച് തെരഞ്ഞെടുത്ത അഞ്ചുപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിഗ്മർ അന്താരാഷ്ട്ര തലത്തിലുള്ള സ്ഥാപനമായി മാറുമെന്ന് ഞാൻ നേരത്തേ പറഞ്ഞു. ആരോഗ്യ വകുപ്പിന് കീഴിലുള്ള ഐക്കോൺസും ഈ കാര്യത്തിൽ ഒരുപാട് മുന്നോട്ട് വന്നിട്ടുണ്ട്. ഉപകരണ വിതരണത്തിന്റെ കാര്യത്തിൽ നമ്മളൊരു വലിയ റിക്കോർഡാണ് സൃഷ്ടിച്ചത്. പതിനായിരക്കണക്കിനാളുകൾക്ക്, കേന്ദ്ര ഗവൺമെന്റിന്റെ സ്കീമിന്റെകൂടി ഭാഗമായി അലിംകോയുമായി ചേർന്നുകൊണ്ട്, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് മിക്കവാറും എല്ലാ റീജിയണുകളിലും ക്യാമ്പ് വച്ച് ആളുകളെ കണ്ടെത്തി പതിനായിരക്കണക്കിന് ആളുകൾക്ക് ഉപകരണ വിതരണം നടത്തിയിട്ടുണ്ട്. കെ.എസ്.എസ്.എം. അത്യന്താധുനികമായി, ആക്സിഡന്റിൽ കൈ അറ്റുപോയ ചെറുപ്പക്കാരന് തലച്ചോറിലെ ഇംപൾസസ് അനുസരിച്ച് വിരലുകളടക്കം ചലിപ്പിക്കാൻ കഴിയുന്ന കൃത്രിമ കൈ കൊടുത്തു. അതുപോലെ തൃശ്ശൂരിൽ രണ്ട് കയ്യും അറ്റുപോയ ഒരാൾക്ക് ആധുനിക ഉപകരണം

കൊടുത്തു. അദ്ദേഹം ഒരു കലാകാരൻ കൂടിയാണ്. അദ്ദേഹത്തിന് ആ കൃത്രിമ കൈ ഉപയോഗിച്ച് എഴുതാൻ കഴിയും. കാൽ നഷ്ടപ്പെട്ടുപോയ ഒരു ചെറുപ്പക്കാരന് ഏറ്റവും ആധുനികമായിട്ടുള്ള കാൽ, അത്തരത്തിൽ ആർട്ടിഫിഷ്യൽ ലിംബ് കൊടുക്കുന്നതിന് അത്യന്താധുനിക സംവിധാനം നമ്മൾ കൊണ്ടുവന്നുകഴിഞ്ഞു. ആധുനിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു നിർമ്മാണശാല വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. തിരുവനന്തപുരത്ത് ഒരു അത്യന്താധുനിക ഷോറൂം അടുത്തുതന്നെ ഉദ്ഘാടനം ചെയ്യും. ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് ആധുനികമായ അസിസ്റ്റീവ് ഡിവൈസസ് ഉണ്ടെങ്കിൽ അതിവിടെ പ്രദർശിപ്പിക്കാൻ...., നല്ല സാമ്പത്തിക ശേഷിയുള്ളവർക്ക് പൈസ കൊടുത്ത് വാങ്ങാം, അല്ലാത്ത പാവങ്ങൾക്ക് കോർപ്പറേഷൻ / ഡിപ്പാർട്ട്മെന്റ് മുഖേനയും അത് സ്വായത്തമാക്കാൻവേണ്ടിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഈ മൂന്നര വർഷക്കാലത്തിനുള്ളിൽ ഭിന്നശേഷി മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ..., നമുക്കിപ്പോൾ എംപവർ ടീമുണ്ട്, അതുപോലെ ഡിഫറന്റ് ആർട്സ് സെന്റർ, തിരുവനന്തപുരത്തെ മാജിക് അക്കാഡമിയിൽ, ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാം അവിടം സന്ദർശിക്കാൻ പോയാൽ നല്ലതാണ്. പ്രൊഫ.

മുതുകാടിന്റെ മാജിക് അക്കാഡമിയുമായി ചേർന്ന് അവിടെയൊരു ഡിഫറന്റ് ആർട്സ് സെന്റർ തുടങ്ങിയിട്ടുണ്ട്. ചിത്രംവര, പാട്ട്, ഡാൻസ്, സിനിമാ നിർമ്മാണം ഇങ്ങനെ വിവിധ മേഖലകളിൽ ഭിന്നശേഷിക്കാർ ഇടപെടുകയും പഠിക്കുകയും ചെയ്യുകയാണ്. ഒരേ സമയം 100 കുട്ടികളെ അവിടെ പഠിപ്പിക്കുകയാണ്. അവരിൽ ചിലർക്ക് അവിടെ ജോലിയും കൊടുത്തു. അത്തരത്തിലുള്ള സ്ഥാപനങ്ങളെല്ലാം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കൂടിയാണ് നമുക്ക് ഏറ്റവും നല്ല ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് അവാർഡ് കിട്ടിയത്. അത് ഇത്തരം പ്രവർത്തനങ്ങളെല്ലാം നടത്തിയതുകൊണ്ടാണ്. എന്നാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. ആ കാര്യങ്ങളുംകൂടി പരിഗണനയിലെടുക്കും. ഭിന്നശേഷിക്കാർക്കുവേണ്ടി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്യും എന്നാണ് പറയാനുള്ളത്.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് ഏറ്റവും സഹായകരമായ പദ്ധതിയാണ്. പക്ഷെ അതേ സമയം മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യത്തിനുള്ള ഫണ്ട് ഇതിനായി നീക്കിവയ്ക്കുന്നില്ല. ഒരു നിശ്ചിത സംഖ്യ നീക്കിവച്ച് കിട്ടുന്ന അപേക്ഷകർക്ക്

തുല്യമായി അത് വീതിച്ചുകൊടുക്കുകയാണ് ചെയ്യുവരുന്നത്. നിർബന്ധമായും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് അവർക്കാവശ്യമായ ഫണ്ട് വകയിരുത്താൻവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കണം. അത് മാറ്റിവച്ചെങ്കിൽ മാത്രമേ അവരുടെ പദ്ധതികൾക്ക് അംഗീകാരം നൽകുവെന്ന് തീരുമാനിക്കണം. ആ രീതിയിലേക്ക് കാര്യങ്ങൾ വന്നാൽ വിദ്യാർത്ഥികൾക്ക് വലിയൊരു അനുഗ്രഹമായിരിക്കും. അത്തരം കാര്യത്തിൽ ഇടപെടാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മിക്കവാറും പഞ്ചായത്തുകൾ മാറ്റിവയ്ക്കുന്നുണ്ട്. എന്നാൽ ചില പഞ്ചായത്തുകൾ അതിന് തയ്യാറാകുന്നില്ലെന്നത് വസ്തുതയാണ്. ഇത്തരം കാര്യങ്ങളിൽ വളരെ അനുകൂലമായ സമീപനമെടുക്കുന്ന ആളാണ് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഇക്കാര്യംപെടുത്താം. പഞ്ചായത്തുകൾക്ക് ആ നിർദ്ദേശം അദ്ദേഹം കൊടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് കൊടുക്കാൻ 28000 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവയ്ക്കാമെന്ന വ്യവസ്ഥയുണ്ട്. മിക്കവാറും പഞ്ചായത്തുകൾ അങ്ങനെ മാറ്റിവയ്ക്കുന്നുണ്ട്. അപൂർവ്വം ചില പഞ്ചായത്തുകൾ തുക മാറ്റിവയ്ക്കുന്നില്ല. അതാണ് ബഹുമാനപ്പെട്ട മെമ്പർ

ശ്രദ്ധയിൽപ്പെടുത്തിയത്. അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ നിർദ്ദേശം കൊടുക്കുന്ന രീതിയാണ് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സ്വീകരിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ......(മൈക്ക് ഓഫ്)...... പരിശോധിക്കാം.